"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ലഹരിവിപത്തിനെതിരെ സംസ്ഥാന കായിക വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കായിക കേരള യാത്രയുടെ ചെലവിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1230/2025/LSGD    തീയതി,തിരുവനന്തപുരം, 20-05-2025

---

പരാമർശം:-    1. 07.04.2025 തീയതിയിലെ 194/MinL/M(MW,S&W) 2025 നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

സംസ്ഥാന കായിക വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലകളിലൂടെ സഞ്ചരിച്ചു കൊണ്ട് കായികക്ഷമതാ പ്രാധാന്യം, ലഹരി വിപത്തിനെതിരെ ബോധവൽക്കരണം എന്നീ ഉദ്ദേശത്തോടെ സംഘടിപ്പിക്കുന്ന കായിക കേരള യാത്രയുടെ ചെലവിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകുന്നതിനുള്ള അഭ്യർത്ഥന സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന കായിക വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കായിക കേരള യാത്രയുടെ ചെലവിലേക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഭരണ സമിതി തീരുമാനത്തിന് വിധേയമായി ഗ്രാമ പഞ്ചായത്തുകൾ പരമാവധി 10,000/- രൂപ(പതിനായിരം രൂപ മാത്രം) വീതവും , മുനിസിപ്പാലിറ്റികൾ പരമാവധി 25,000/- രൂപ(ഇരുപത്തയ്യായിരം രൂപ മാത്രം) വീതവും കോർപ്പറേഷനുകൾ പരമാവധി 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) വീതവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sindhumole K A
Date: 20-05-2025 12:20:01
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
ബഹു. കായിക വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.